ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

**dtekerala@gmail.com**

**0471 2561307**

<u>നടപടിക്രമം</u>

വിദ്യാഭ്യാസം - സാങ്കേതികം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരിയ്ക്ക് - സ്ഥലംമാറ്റം - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി) വിഭാഗം

നം. **DTETVM/2267/2025-ED2 (ED)** തിരുവനന്തപുരം,

തീയതി: **22-04-2026**

---

വായന:-

1. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **18.12.2025** തീയതിയിലെ **OA [EKM] 350/2025** നമ്പർ ഉത്തരവ്
2. **28.03.2026** തീയതിയിലെ സ. ഉ. (സാധാ) നം. **438/2026/HEDN** നമ്പർ സർക്കാർ ഉത്തരവ്.
3. തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാളിന്റെ **20.04.2026**-ലെ വിടുതൽ റിപ്പോർട്ട്.

<u>ഉത്തരവ്</u>

മേൽ വായന (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ ഓഫീസിലെ ഫുൾ ടൈം സ്വീപ്പറായിരുന്ന ശ്രീമതി സുനിത കുമാരി പി. എസ്. സമർപ്പിച്ച അപേക്ഷ വായന (2) പ്രകാരം സർക്കാർ നിരസിക്കുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സുനിത കുമാരിയെ **20.04.2026** പൂർവ്വാഹ്നം പ്രാബല്യത്തിൽ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു.

എന്നാൽ, ശ്രീമതി സുനിത കുമാരിയെ പുനഃനിയമിക്കേണ്ട കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിലെ സ്വീപ്പർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ലഭ്യമല്ലാത്തതിനാലും, കോടതി വിധി സമയബന്ധിതമായി നടപ്പിലാക്കേണ്ട ഭരണപരമായ അനിവാര്യത നിലനിൽക്കുന്നതിനാലും താഴെ പറയുന്ന പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിലെ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ജോലി

ചെയ്യുന്ന ശ്രീമതി അക്ഷയ വി. അജിതൻ (പെൻ: 895663) നെ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ ഓഫീസിൽ ശ്രീമതി സുനിത കുമാരി പി. എസ്. നെ വിടുതൽ ചെയ്യത്ത് മൂലമുണ്ടായ ഫുൾ സ്വീപ്പർ തസ്തികയിലെ ഒഴിവിലേക്ക് അടിയന്തരമായി സ്ഥലം മാറ്റി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഉത്തരവ് നടപ്പിലാക്കി റിപ്പോർട്ട് അടിയന്തരമായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.
2. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Jayaprakash P
Date: 22-04-2026
16:33:30

സൂപ്രണ്ട്